# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.265 | 15.12.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി ഉല്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. സാജു പോൾ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉല്പന്നങ്ങളുടെ സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (എ) യും (ബി) യും | സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറവ അരി,വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 06.07.2012 ൽ സബ്സിഡി പട്ടിക പുനർ നിർണ്ണയിച്ചിരുന്നു. സബ്സിഡി ഉല്പന്നങ്ങളുടെ 2011 ജനുവരിമാസത്തെ വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. എന്നാൽ ചെറുപയർ, ഉഴുന്ന്, വൻകടല, വൻപയർ, തുവര പരിപ്പ്, പഞ്ചസാര എന്നിവയുടെ വിലയിൽ 01.12.2014 മുതലും മില്ലി, മട്ട അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവയുടെ വിലയിൽ 01.08.2015 മുതലും കുറവ് വരുത്തിയിരുന്നു. |
| (ബി) | സബ്സിഡി ഉല്പന്നങ്ങളുടെ 2011 ജനുവരിമാസത്തെ വിലയും ഇപ്പോഴത്തെ വിലയും എത്രയെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | മാവേലി സ്റ്റോറുകളിലൂടെ റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്തിരുന്ന പരിപ്പ്, ഉഴുന്ന് പരിപ്പ്, കടല, ചെറുപയർ എന്നിവയുടെ വില വർദ്ധിപ്പിക്കുകയും അളവ് കുറയ്ക്കുകയും ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) | 01.08.2013, 24.08.2014, 06.11.2014 എന്നിങ്ങനെ മൂന്നുതവണ ഭക്ഷ്യോൽപന്നങ്ങളുടെ സബ്സിഡി നിരക്കുകൾ വർദ്ധിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനി സ്ട്രേറ്റീവ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതു മൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കു കയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ട് ഈ സാധനങ്ങളുടെ വില്പനവില പുനർനിർണ്ണയി ച്ചിട്ടുണ്ട്. ഇതിനാൽ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കുറച്ചിട്ടില്ല. |
| (ഡി) | ആഴ്ചതോറും മാവേലി സ്റ്റോറുകൾ വഴി നൽകിയിരുന്ന സബ്സിഡിയുള്ള അരി ഇപ്പോൾ വിതരണം | (ഡി) | സപ്ലൈകോ വിൽപ്പനശാലകളിൽ കൂടി രണ്ടാഴ്ചയി ലൊരിക്കൽ '5' കി. ഗ്രാം എന്ന തോതിൽ പ്രതിമാസം 10 കിലോ ഗ്രാം സബ്സിഡി |

| | | | |
|---|---|---|---|
| | ചെയ്യുന്നുണ്ടോ ; ഇത് രണ്ടാഴ്ചയിലൊരിക്കൽ എന്ന രീതിയിൽ മാറ്റിയിട്ടുണ്ടോ ; വ്യക്തമാക്കുമോ; | | അരിയാണ് വിതരണം ചെയ്തിരുന്നത്. ഈ അളവിൽ കുറവ് വരുത്താതെ തന്നെ നിലവിലും സബ്സിഡി അരിയുടെ വിതരണം തുടർന്നു വരുന്നു. |
| (ഇ) | പൊതുമാർക്കറ്റിൽ വിലക്കയറ്റം രൂക്ഷമാകുന്ന തരത്തിൽ സപ്ലൈകോയുടെ പ്രവർത്തനം തിരുത്തുമോ ; വ്യക്തമാക്കുമോ ; | (ഇ) യും (എഫ്) ഉം | സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി പ്രകാരം പൊതുവിപണിയിൽ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ നിശ്ചിത അളവിലും മറ്റ് സാധനങ്ങൾ നായമായ വിലയിൽ ആവശ്യമായ അളവിലും ലഭ്യമാക്കി അതുവഴി പൊതുവിപണിയിലെ വിലക്കയറ്റത്തിൽ നിന്നും സാധാരണക്കാർക്ക് ആശ്വാസമേകുന്ന പ്രവർത്തനം നിലവിലും കാര്യക്ഷമമായി തുടർന്നുവരുന്നു. സപ്ലൈകോ വഴി നൽകുന്ന സബ്സിഡി സാധനങ്ങളുടെ അളവിൽ മൊത്തമായുണ്ടായ ഗണ്യമായ വർദ്ധനവും വിറ്റുവരവിലെ വർദ്ധനവും സൂചിപ്പിക്കുന്നത് കൂടുതൽ ആളുകൾ സപ്ലൈകോയെ ആശ്രയിക്കുന്നു എന്നാണ്. |
| (എഫ്) | സപ്ലൈകോ വിൽപ്പനശാലയിൽ നിന്നും ജനങ്ങളെ അകറ്റുന്ന തരത്തിലുള്ള നയം പുന:പരിശോധിക്കുവാൻ തയ്യാറാകുമോ ? | | |

Beena A

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില (ജനുവരി 2011) കി. ഗ്രാമിന് | 6.7.12 ലെ ഉത്തരവു പ്രകാരം പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | 1.8.13 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 24.8.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 6.11.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 1.12.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 01.01.15 ലെ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | ഇപ്പോഴത്തെ സബ്സിഡി വില | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെറുപയർ | – | 49.00 | 55.00 | 12.24 | 55.00 | 0 | 77.00 | 40 | 74.00 | -3.9 | 74.00 | 0 | 74.00 | 0 |
| 2 | ഉഴുന്ന് ബോൾ | 36.00 | 36.00 | 42.00 | 16.67 | 42.00 | 0 | 76.00 | 80.95 | 66.00 | -13.16 | 66.00 | 0 | 66.00 | 0 |
| 3 | വൻകടല | – | 44.00 | 45.00 | 2.27 | 45.00 | 0 | 45.00 | 0 | 43.00 | -4.4 | 43.00 | 0 | 43.00 | 0 |
| 4 | വൻപയർ | 26.50 | 26.50 | 35.00 | 32.08 | 35.00 | 0 | 49.00 | 40 | 45.00 | -8.16 | 45.00 | 0 | 45.00 | 0 |
| 5 | തുവരപരിപ്പ് | 34.00 | 34.00 | 45.00 | 32.35 | 45.00 | 0 | 67.00 | 48.89 | 65.00 | -2.99 | 65.00 | 0 | 65.00 | 0 |
| 6 | മുളക് | 45.00 | 45.00 | 55.00 | 22.22 | 75.00 | 36.36 | 75.00 | 0 | 75.00 | 0 | 75.00 | 0 | 75.00 | 0 |
| 7 | മല്ലി | 66 | 45.90 | 60.00 | 30.72 | 60.00 | 0 | 112.00 | 86.67 | 112.00 | 0 | 112.00 | 0 | 100.00 | -10.71 |
| 8 | പഞ്ചസാര | 25.00 | 25.00 | 26.00 | 4 | 26.00 | 0 | 27.50 | 5.77 | 25.00 | -9.09 | 25.00 | 0 | 22.00 | -12 |
| 9 | പച്ചരി | 16.00 | 16.00 | 21.00 | 31.25 | 23.00 | 9.5 | 23.00 | 0 | 23.00 | 0 | 23.00 | 0 | 23.00 | 0 |
| 10 | കുറുവ അരി | – | 19.00 | 21.00 | 10.53 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 11 | മട്ട അരി | 16.00 | 16.00 | 21.00 | 31.25 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 24.00 | -4 |
| 12 | ജയ അരി | – | 21.00 | 21.00 | 0 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 13 | വെളിച്ചെണ്ണ | – | 62.00 | 62.00 | 0 | 125.00 | 101.61 | 151.00 | 20.8 | 139.00 | -7.95 | 130.00 | -6.47 | 110 | -15.38 |

Beena
സെക്ഷൻ ഓഫീസർ